74 (576) കമ്പ്യൂട്ടർ സഹായത്തോടെ റീസർവെ

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പ്യൂട്ടർ സഹായത്തോടെ റീസർവെ ജോലികൾ പുനരാരംഭിക്കുവാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(ബി) ഇപ്രകാരം കമ്പ്യൂട്ടർ വഴി റീസർവെ നടത്തുമ്പോൾ നേരത്തെ നടത്തിയ റീസർവെയിലെ അപാകതകൾ പൂർണ്ണമായി ഒഴിവാക്കാൻ കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) റീസർവേയുടെ അപാകതകളെ പറ്റി നാളിതുവരെ റവന്യൂ വകുപ്പിന് കേരളത്തിൽ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്;

(ഡി) അവയിൽ എത്ര എണ്ണത്തിന് പരിഹാരം കണ്ടു എന്ന് അറിയിക്കുമോ?

ഉത്തരം

(എ) കമ്പ്യൂട്ടർ സഹായത്തോടെ റീസർവെ ജോലികൾ പുനരാരംഭിക്കുന്നതിന്റെ ആദ്യഘട്ടമായ ടോട്ടൽ സ്റ്റേഷൻ എന്ന ആധുനിക ഉപകരണത്തിന്റെ സഹായത്തോടെ തൃശ്ശൂർ ജില്ലയിലെ "വിളപ്പായ" വില്ലേജിൽ റീസർവെ പുനരാരംഭിച്ചിട്ടുണ്ട്. കൂടാതെ മലബാർ മേഖലയിലെ 5 ജില്ലകളിൽ കൂടി ഇത്തരത്തിൽ റീസർവെ പുനരാരംഭിക്കുന്നതിനായി അഞ്ച് യൂണിറ്റ് ടോട്ടൽ സ്റ്റേഷനും മറ്റ് അനുബന്ധ ഉപകരണങ്ങളും കൂടി വാങ്ങുവാനുള്ള നടപടികൾ നടന്നു വരുന്നു.

(ബി) നേരത്തേ റീസർവെ നടത്തിയ സ്ഥലങ്ങളിലെ അപാകതകൾ പരിഹരിക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 31.1.99 വരെ 8,55,338 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) 31.3.99 വരെ 8,11,540 പരാതികൾക്ക് പരിഹാരം കണ്ടിട്ടുണ്ട്.

75 (577) വരുമാന സർട്ടിഫിക്കറ്റ് നൽകുന്നതിലെ ക്രമക്കേട്

ശ്രീ. എൻ. കണ്ണൻ :താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിശ്ചിത വരുമാനക്കാരെ അപേക്ഷിച്ചു സമ്പന്നർക്കുപോലും കുറഞ്ഞ വരുമാനം കാണിച്ചു വരുമാന സർട്ടിഫിക്കറ്റ് ലഭിക്കുന്നു എന്നുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു സർക്കാർ ജീവനക്കാരൻ എങ്കിലും ഉള്ള കുടുംബത്തിലെ അംഗങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും മറ്റും ശരിയായ വരുമാനം കാണിക്കുന്നതു മൂലം ആനുകൂല്യങ്ങളിൽ നിന്ന് പിന്തള്ളപ്പെടുന്നതും കൂടുതൽ സാമ്പത്തികശേഷി ഉള്ളവർക്കുപോലും കുറഞ്ഞ വരുമാന സർട്ടിഫിക്കറ്റ് കാണിച്ചു ആനുകൂല്യം ലഭിക്കുന്നതുമായ സാഹചര്യം ഉള്ളതായ പരാതി ശരിയാണോ;

(സി) ഓരോ കുടുംബത്തിന്റെയും വരുമാന സർട്ടിഫിക്കറ്റ് നൽകുമ്പോൾ മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ ഉള്ളവർക്ക് കുറഞ്ഞ വരുമാന സർട്ടിഫിക്കറ്റും ക്ലിപ്ത വരുമാനക്കാർക്ക് കൂടുതൽ സംഖ്യയുടെ വരുമാന സർട്ടിഫിക്കറ്റും നൽകാതിരിക്കുന്നതിനു വേണ്ട നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly